# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | DATE: 26.01.2025

## പ്രധാനവാർത്തകൾ

1. 76-ാമത് റിപ്പബ്ലിക്ക് ദിനാഘോഷ നിറവിൽ രാജ്യം; അഭിമാനം പകർന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ വർണാഭമായ റിപ്പബ്ലിക്ക് ദിന പരേഡ്.
2. റിപ്പബ്ലിക്ക് ദിനത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി, രാഷ്ട്രപതി, കേന്ദ്രമന്ത്രിമാർ തുടങ്ങിയവർ.
3. സംസ്ഥാനത്തും വിപുലമായ ആഘോഷ പരിപാടികൾ; തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിവാദ്യം സ്വീകരിച്ചു; വികസിത ഭാരതത്തിനായുള്ള യാത്രയിൽ കേരളം മുൻനിരയിലെന്ന് ഗവർണർ.
4. റേഷൻ വ്യാപാരികളുടെ സമരം അംഗീകരിക്കാൻ കഴിയില്ലെന്നും ജനങ്ങൾക്ക് ഭക്ഷ്യ ധാന്യം ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി ജി ആർ അനിൽ.
5. സംവിധായകൻ ഷാഫിയുടെ നിര്യാണത്തിൽ അനുശോചിച്ച് സാംസ്കാരിക കേരളം.
6. വയനാട്ടിലെ ജനവാസ മേഖലയിലിറങ്ങിയ കടുവയ്ക്കായി തിരച്ചിൽ തുടരുന്നു; ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയ്ക്കുമാണ് പ്രാധാന്യമെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ.

====================================

RNU TVPM

ഹെഡ്‌ലൈൻ-1

## റിപ്പബ്ലിക് ദിനം

76-ാമത് റിപ്പബ്ലിക്ക് ദിനാഘോഷ നിറവിൽ ഇന്ത്യ. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ വർണാഭമായ റിപ്പബ്ലിക്ക് ദിനാഘോഷങ്ങൾ നടന്നു. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും സൈനിക ശക്തിയും പ്രകടമാക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ കര - നാവിക-വ്യോമ സേനകൾക്കൊപ്പം പോലീസ്, അർധസൈനിക വിഭാഗം, NCC കേഡറ്റുകൾ തുടങ്ങിയ സംഘങ്ങൾ അണിനിരന്നു. പരേഡിൽ രാഷ്ട്രപതി അഭിവാദ്യം സ്വീകരിച്ചു. സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ, മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയിൽ നിന്നുള്ള മുപ്പത്തിയൊന്ന് നിശ്ചലദൃശ്യങ്ങൾ പരേഡിൽ പങ്കെടുത്തു. വിവിധ മേഖലകളിൽ നിന്നുള്ള വിശിഷ്ടാതിഥികൾ ആഘോഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു.

RNU TVPM

********************************

ഹെഡ്‌ലൈൻ-2

## പ്രധാനമന്ത്രി-റിപ്പബ്ലിക് ദിനം

രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ റിപ്പബ്ലിക് ദിന ആശംസകൾ നേർന്നു. ഭരണഘടനയുടെ ആദർശങ്ങൾ സംരക്ഷിച്ചുകൊണ്ട് ശക്തവും സമൃദ്ധവുമായ ഇന്ത്യയ്ക്കായി പ്രയത്നിക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. റിപ്പബ്ലിക്ക് ദിനത്തോട് അനുബന്ധിച്ച് പ്രധാനമന്ത്രി ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

********************************

ഹെഡ്‌ലൈൻ-3

## റിപ്പബ്ലിക് ദിനം-സംസ്ഥാനം (ഇൻട്രോ)

സംസ്ഥാനത്തും വിപുലമായ റിപ്പബ്ലിക്ക് ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിവാദ്യം സ്വീകരിച്ചു. വികസിത ഭാരതമെന്ന ലക്ഷ്യത്തിനായുള്ള യാത്രയിൽ കേരളം മുൻനിരയിലുണ്ടെന്ന് ഗവർണർ പറഞ്ഞു.

(വോയിസ്....)

മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിൽ സന്നിഹിതനായിരുന്നു. സംസ്ഥാനത്തെ മറ്റു ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ റിപ്പബ്ലിക്ക് ദിനാഘോഷം നടന്നു. വിവിധ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു.

RNU TVPM

*******************************

## ലക്ഷദ്വീപ് - റിപ്പബ്ലിക് ദിനം

ലക്ഷദ്വീപിൽ തലസ്ഥാന ദ്വീപായ കവരത്തിയിൽ സംഘടിപ്പിച്ച റിപ്പബ്ലിക്ക് ദിന ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് Sandeep Kumar IAS ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു. രാഷ്ട്രീയ സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

*******************************

## ആകാശവാണി-റിപ്പബ്ലിക് ദിനം

ആകാശവാണി തിരുവനന്തപുരം നിലയത്തിൽ റിപ്പബ്ലിക്ക് ദിനാഘോഷം നടന്നു. ഡയറക്ടർ കെ.സുബ്രഹ്മണ്യ അയ്യർ ദേശീയ പതാക ഉയർത്തി.

********************************

**പത്മ പുരസ്കാരം**

2025-ലെ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ എന്നിങ്ങനെ 139 പുരസ്കാരങ്ങൾക്കാണ് രാഷ്ട്രപതി അംഗീകാരം നൽകിയത്. എഴുത്തുകാരൻ എം ടി വാസുദേവൻ നായർക്ക് മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ നൽകി ആദരിച്ചു. ഹോക്കി താരം പിആർ ശ്രീജേഷിന് പത്മഭൂഷൺ പുരസ്കാരം ലഭിച്ചു. ഫുട്ബോൾ താരം ഐഎം വിജയൻ പത്മശ്രീ പുരസ്കാരത്തിന് അർഹനായി.

RNU TVPM

********************************

**ഓമൻകുട്ടി-പത്മ പുരസ്കാരം (ഇൻട്രോ)**

പത്മ പുരസ്കാരത്തിന് അർഹയായതിൽ അതിയായ സന്തോഷമുണ്ടെന്ന് സംഗീതജ്ഞ കെ ഓമനക്കുട്ടി ആകാശവാണി വാർത്തകളോട് പറഞ്ഞു....

**(വോയിസ്... )**

********************************

ഹെഡ്ലൈൻ-4

**ജി ആർ അനിൽ**

റേഷൻ വ്യാപാരികളുടെ നാളത്തെ സമരം അംഗീകരിക്കാൻ കഴിയില്ലെന്ന് ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. വ്യാപാരികൾക്ക്

അനുകൂലമായ നിരവധി നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും വേതന പരിഷ്കാരം അടക്കമുള്ളവ ചർച്ച ചെയ്തു തീരുമാനിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ജനങ്ങൾക്ക് ഭക്ഷ്യ ധാന്യം ഉറപ്പു വരുത്താനുള്ള എല്ലാ നടപടികളും കൈക്കൊള്ളുമെന്നും അദ്ദേഹം വ്യക്തമാക്കി.

*******************************

ഹെഡ്‌ലൈൻ-5

**ഷാഫി - അനുശോചനം**

പ്രശസ്ത സംവിധായകൻ ഷാഫിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി സജി ചെറിയാൻ, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ഷാഫി സിനിമകൾ സംഭാവന ചെയ്ത ഹാസ്യ കഥാപാത്രങ്ങൾ തലമുറകൾ കൈമാറി ഏറ്റെടുക്കപ്പെട്ടവയാണെന്ന് മുഖ്യമന്ത്രി സ്മരിച്ചു. മായാവി, കല്യാണരാമൻ, ചട്ടമ്പിനാട് ഉൾപ്പടെയുള്ള ജനപ്രിയ സിനിമകളാണ് ഷാഫി മലയാളികൾക്ക് സമ്മാനിച്ചത്. കബറടക്കം ഇന്ന് വൈകിട്ട് കലൂർ മുസ്ലിം ജമാഅത്ത് പള്ളിയിൽ നടക്കും.

PNU TVPM

*******************************

**ഡോ.കെ എം ചെറിയാൻ**

പ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. കെ.എം. ചെറിയാൻ അന്തരിച്ചു. 82 വയസ്സായിരുന്നു. ആരോഗ്യരംഗത്തെ മികച്ച സേവനങ്ങൾക്ക് 1991-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. ഡോ. കെ എം ചെറിയാന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

*******************************

ഹെഡ്‌ലൈൻ-6

എ കെ ശശീന്ദ്രൻ - വയനാട് ( ഇൻട്രോ )

വയനാട്ടിലെ കടുവയെ വെടിവെച്ചു കൊല്ലുന്നത് നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമെന്ന് വനംമന്ത്രി എ കെ ശശീന്ദ്രൻ. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയ്ക്കുമാണ് പ്രാധാന്യമെന്ന് മന്ത്രി പറഞ്ഞു. കൽപ്പറ്റയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അവലോകന യോഗത്തിന് ശേഷം കടുവ ആക്രമണത്തിൽ കൊല്ലപ്പെട്ട രാധയുടെ വീട് മന്ത്രി സന്ദർശിക്കും. അതിനിടെ കടുവയ്ക്കായി തിരച്ചിൽ നടത്തുന്ന ദൗത്യ സംഘത്തിലെ ഉദ്യോഗസ്ഥന് കടുവയുടെ ആക്രമണത്തിൽ പരിക്കേറ്റു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധിയി അരുൺ വിൻസെന്റ്...**

(വോയിസ്..)

RNU TVPM

*******************************

പ്രിയങ്ക ഗാന്ധി

വയനാട്ടിൽ നിരന്തരമായി നടക്കുന്ന വന്യജീവി ആക്രമണങ്ങളിൽ ജനങ്ങൾ ഭീതിയിലാണെന്നും, മേഖലയിൽ അടിയന്തിര സുരക്ഷാ നടപടികൾ സ്വീകരിക്കണമെന്നും പ്രിയങ്ക ഗാന്ധി MP. വളർത്തു മൃഗങ്ങൾ വ്യാപകമായി അക്രമിക്കപ്പെടുന്നതിലും കൃഷിയിടങ്ങൾ നശിപ്പിക്കപ്പെടുന്നതിലും ജനങ്ങൾ വലിയ ആശങ്കയിലാണെന്നും അവർ പറഞ്ഞു. പഞ്ചാരക്കൊല്ലിയിലെ കടുവ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ മേഖല ചീഫ് കൺസർവേറ്ററുമായി ശ്രീമതി പ്രിയങ്ക ഫോണിൽ സംസാരിച്ചു.

*******************************

## ഐഎസ്എൽ

ISL ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻസ് SC, മുംബൈ സിറ്റിയെ നേരിടും. രാത്രി ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

*******************************

## ശശീ തരൂർ-നേതൃമാറ്റം

കെ പി സി സി യിൽ നേതൃമാറ്റം വേണമെന്ന അഭിപ്രായമില്ലെന്നും തീരുമാനം എടുക്കേണ്ടത് ഹൈക്കമൊൻഡാണെന്നും AICC പ്രവർത്തക സമിതിയംഗം ശശി തരൂർ എംപി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനാണ് ഇപ്പോൾ പ്രാധാന്യമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്ര ബജറ്റിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിഹിതം ഉറപ്പ് വരുത്തണമെന്നും ശ്രീ ശശി തരൂർ ആവശ്യപ്പെട്ടു.

RNU TVPM

*******************************

## കന്നുകടവ് പാലം ഉദ്ഘാടനം

മലപ്പുറം ജില്ലയിലെ കന്നുകടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ഉദ്ഘാടനം നാളെ മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിക്കും. ഏറനാട്, കൊണ്ടോട്ടി നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിച്ച് പൂങ്കുടി തോടിന് കുറുകെയാണ് പാലം നിർമിച്ചിട്ടുള്ളത്.

*******************************

## കെഎസ്ആർടിസി-ഗണേഷ് കുമാർ

മൂന്ന് മാസത്തിനകം കെ.എസ്.ആർ.ടി.സിയെ പൂർണ്ണമായും കമ്പ്യൂട്ടർ വത്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് ഗതാഗത മന്ത്രി കെ. ബി ഗണേഷ് കുമാർ. കോഴിക്കോട് പൊതുഗതാഗതവുമായി ബന്ധപ്പെട്ട പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

********************************

## മത്സ്യബന്ധന ബോട്ട് പിടികൂടി

രേഖകളില്ലാതെ മത്സ്യബന്ധനം നടത്തിയ ബോട്ട് പിടികൂടി തീരസംരക്ഷണ സേന. തമിഴ്നാട്ടിലെ തൂത്തുക്കുടിയിൽ രജിസ്റ്റർ ചെയ്ത മത്സ്യബന്ധന ബോട്ടാണ് വിഴിഞ്ഞത്ത് നിന്ന് പിടികൂടിയത്. സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് ബോട്ട് മത്സ്യബന്ധനം നടത്തിയതെന്ന് കണ്ടെത്തി. ബോട്ടും ജീവനക്കാരെയും തുടർനടപടികൾക്കായി വിഴിഞ്ഞം ഫിഷറീസ് എഡിക്ക് കൈമാറി.

RNU TVPM

********************************

## കിടങ്ങന്നൂർ കനാൽ-തിരച്ചിൽ

പത്തനംതിട്ട കിടങ്ങന്നൂരിന് സമീപം കുളിക്കാനിറങ്ങിയ രണ്ട് വിദ്യാർഥികൾ മുങ്ങി മരിച്ചു. ഇന്നലെയാണ് ഇവരെ കാണാതായത്. ഇന്ന് സ്കൂബാ ടീം ഉൾപ്പെടെ നടത്തിയ തിരച്ചിലിൽ ഇരുവരുടെയും മൃതദേഹം കണ്ടെത്തുകയായിരുന്നു.

********************************

## കൊല്ലം-ചിതറ-വെട്ടേറ്റു

കൊല്ലം ചിതറയിൽ മൂന്നു പേർക്ക് വെട്ടേറ്റു. തടി കയറ്റുന്ന ജോലിക്കിടെ കേബിൾ പൊട്ടിയതുമായി ബന്ധപ്പെട്ട് പ്രദേശത്ത് തർക്കമുണ്ടായിരുന്നു. സംഭവത്തിൽ പൊലീസ് അന്വേഷണം തുടരുകയാണ്.

*

*******************

********************************************

RNU TVPM